DESPATCHED
On. 13/1/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel 0471 2561613, 2561614, 2561615, Fax: 0471 2330920
Email:- sic.ker@nic.in

AP No. 1154(3)/2022/SIC തീർപ്പ് കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

File No. 13049/ SIC-G1/2022

(ഉത്തരവുകൾ sic.kerala.gov.in ൽ ലഭ്യമാണ്)

സന്നിഹിതൻ

ശ്രീ. എ. അബ്ദുൽ ഹക്കീം, സംസ്ഥാന വിവരാവകാശ കമ്മീഷണർ

തീയതി : 05/01/2023

ശ്രീ. എ.എം. ഷെരീഫ്
ഡാലിയ, റ്റി.ആർ.എ - 15
തെക്കേവിള, കൊല്ലം - 691 016. — അപ്പീൽ ഹർജിക്കാരൻ

Vs

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & വില്ലേജ് ഓഫീസർ
കൊറ്റങ്കര വില്ലേജ് ഓഫീസ്,
കൊറ്റങ്കര, കൊല്ലം.

അപ്പീൽ അധികാരി & തഹസീൽദാർ
താലൂക്ക് ഓഫീസ്, കൊല്ലം. — എതിർകക്ഷികൾ

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. എ.എം. ഷെരീഫ് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച 6(1) അപേക്ഷയ്ക്ക് മറുപടി ലഭിച്ചില്ലാ എന്നാണ് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച മേൽ അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്.

2. കമ്മീഷനിൽ നിന്നും ലഭിച്ച കത്തിന്റ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട രേഖകളും അപേക്ഷാ രജിസ്റ്ററും പരിശോധിച്ചതിൽ അപേക്ഷകന്റെ 6(1) അപേക്ഷ ലഭ്യമായിട്ടില്ല എന്നും വിവരാവകാശത്തിന്റെ അന്തസത്ത ഉൾക്കൊണ്ടുകൊണ്ട് ബഹു.കമ്മീഷന്റെ ഉത്തരവനുസരിച്ച് ലഭ്യമായ വിവരങ്ങൾ ഓഫീസിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് വിഘാതമാകാതെ നിയമപ്രകാരം കക്ഷിയ്ക്ക് ലഭ്യമാക്കാൻ തയ്യാറാണെന്നും എസ്.പി.ഐ.ഒ 06/12/2022 ൽ സമർപ്പിച്ച റിപ്പോർട്ടിൽ അറിയിച്ചിട്ടുണ്ട്.

3. കമ്മീഷൻ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഹർജിക്കാരന്റെ 30/03/2022 തീയതിയിലെ 6(1) അപേക്ഷയിൽ ആവശ്യപ്പെട്ട എല്ലാ വിവരങ്ങളും 16/01/2023 നകം ഹർജിക്കാരന് ലഭ്യമാക്കേണ്ടതാണ് എന്ന് എസ്.പി.ഐ.ഒ യ്ക്ക് നിർദ്ദേശം നൽകിക്കൊണ്ട് ഈ അപ്പീൽ ഹർജിയിൻമേലുള്ള തുടർ നടപടികൾ അവസാനിപ്പിച്ച് ഇന്നേ ദിവസം 2023, ജനുവരി മാസം 5-ാം തീയതി കമ്മീഷൻ ഉത്തരവാകുന്നു.

(ഒപ്പ്)

**എ. അബ്ദുൽ ഹക്കീം**
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM